PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY
THIRD SESSION SECOND MEETING 1950/1125
Monday, the 23rd January 1950.
10th Makaram 1125.

Vol. III] OFFICIAL REPORT [No. 22

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the Clock on Monday, the 23rd January, 1950, with Mr. Speaker (the Hon'ble Sri. T. M. Varghese) in the Chair.

(There is no question hour for the day as this is an extension of the present meeting. But answers to questions relating to previous days, received subsequently are laid on the table for the reference of the members and are printed below. The numbers within brackets indicate the serial numbers in the list of admitted questions).

QUESTIONS POSTED FOR ANSWER ON 29TH NOVEMBER 1949

TOWN ALLOWANCE

*2448. [5] **Sri. D. Gnanasigamony :** Will the Hon'ble Minister for Finance be pleased to state,—

(*a*) whether town allowance to an extent of 15 per cent of the pay is given to Government employees in Trichur and Ernakulam;

(*b*) whether those of the employees who have been transferred from those places to Trivandrum are enjoying the same concession here also;

(*c*) whether Government give any town allowance to Government employees of the Travancore Section;

(*d*) if the answer to part (*c*) is in the negative, whether Government consider it just to have this disparity in payment to persons who do identical work; and

(*e*) whether the Government propose to take early steps to put erstwhile Travancore employees on a footing of equality with erstwhile Cochin employees?

The Hon'ble Sri. A. J. John :

(*a*) Town allowance is paid at 10 per cent of pay to the officers situated within the Municipal limits of Trichur and 15 per cent of pay to those working in offices situated within the Municipal limits of Ernakulam, Mattancheri and Willingdon Island provided their pay does not exceed Rs. 200 per mensem.

(*b*) Yes.

(*c*) No.

(*d*) and (*e*) Government propose to review the position.

പിന്നോക്കസമുദായ ഉദ്യോഗസ്ഥന്മാർ

*൨൪൪൯. (ശ്രീ) ശ്രീ. പി. സി. തോമ്മൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൽ പിന്നോക്കസമുദായക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു കൊച്ചിയിൽ ബി. എൽ. പാസായവരെ മജിസ്ട്രേട്ടന്മാരായി നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലും അങ്ങിനെ ചെയ്യാത്തതു എന്തുകൊണ്ടു?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഒരാളെ നിയമിച്ചിട്ടുണ്ടു.

(ബി) തിരുവിതാംകൂർ വിഭാഗത്തിലും അങ്ങിനെ ചെയ്തിട്ടുണ്ടു.

രാഷ്ട്രീയതടങ്കൽ പുള്ളികൾ

*൨൪൪൦. (൫൨) ശ്രീ. മങ്കഴി എം. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സംസ്ഥാനത്തിൽ ഇപ്പോൾ എത്ര രാഷ്ട്രീയ തടങ്കൽ പുള്ളികൾ ഉണ്ട്;
(ബി) ഓരോ രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ടവർ എത്ര പേർ ഉണ്ട്;
(സി) ഇവരുടെ സംരക്ഷണത്തിനായി മാസംതോറും എത്ര തുക ചെലവുണ്ട്;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്.
(ബി) എല്ലാവരും കമ്മൂണിസ്റ്റ് പാർട്ടിയിൽ പെട്ടവരാണ്.
(സി) ഓരോരുത്തർക്കും മാസംതോറും ഏകദേശം ൧൦൦ ക. യോളം ചിലവുണ്ട്.

കായംകുളം കരിപ്പുഴതോട്ടിൽ ചീപ്പ്

*൨൪൬. (൧൫൮) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കായംകുളം കരിപ്പുഴ തോട്ടിൽ പത്തിയൂർ ഭാഗത്ത് ആണ്ടുതോറും ഉപ്പുവെള്ളം കയറാതിരിക്കുവാൻ മുട്ട ഇടുന്നതുമൂലം മുകളിൽനിന്നും വരുന്ന വെള്ളം കെട്ടിനിന്നു പന്തീരായിരം പറയോളം നിലങ്ങളിലെ കൃഷിക്കു നാശംവരുത്തുന്ന വിവരം ഗവൺമെൻറിനറിയാമോ;

(ബി) പ്രസ്തുത സ്ഥലത്തു മുട്ട ഇടുന്നതുമൂലം കായംകുളം—മാവേലിക്കര ജലമാർഗ്ഗ താഗതത്തിനു തടസ്സം നേരിടുന്നതിനാൽ നാവിക തൊഴിലാളികൾക്കും മറ്റും ഉണ്ടാകുന്ന ദുരിതത്തെപ്പറ്റി ഗവൺമെൻറിനു അറിവുണ്ടോ;

(സി) ആണ്ടുതോറും മുട്ട ഇടുന്നതിനുപകരം സ്ഥിരമായി ഒരു ചീപ്പു ഇടുന്നതു എല്ലാ ദുരിതങ്ങൾക്കും ഒരു പരിഹാരമാണെന്നു ഗവൺമെൻറിനറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) അറിവില്ല.
(ബി) അറിവില്ല.
(സി) ആലോചിക്കാം.

സർ. സി. പി. യെ കയ്യേറ്റം ചെയ്യുയാൾ

*൨൪൭. (൧൫൬) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

സർ സി. പി. രാമസ്വാമി അയ്യർ ദിവാനായിരുന്ന സമയം അദ്ദേഹത്തെ ദേഹോപദ്രവം ഏല്പിച്ചതായി പറയപ്പെടുന്ന ആളെ അറസ്റ്റ് ചെയ്കയോ, ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

സംശയിക്കപ്പെട്ട ആളുകളെ അറസ്റ്റ് ചെയ്ത ബന്തവസ്സിൽ വയ്ക്കുകയും, വേണ്ടതായ തെളിവു കിട്ടാതിരിക്കുകയാൽ അവരെ വിട്ടയക്കുകയും ചെയ്തു.

QUESTION POSTED FOR ANSWER ON 30TH NOVEMBER 1949

ഹരിജനകോളനികൾ

*൨൪൪ (൧൭) ശ്രീ. പി. സി. ഗോവിച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പിന്നോക്ക സമുദായവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റ് മുഖേന തുടങ്ങിയിട്ടുള്ള കോളനികൾ ഏതെല്ലാം?
(ബി) അതിന്റെ ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര?
(സി) ഓരോന്നിലും ഉള്ള വീടുകളുടെ എണ്ണമെത്ര?
(ഡി) ഓരോ കോളനിയിലേയും വാർഡന്മാരുടെ പേരുവിവരം
(ഇ) അവരുടെ ഓരോരുത്തരുടേയും ശമ്പളം?
(എഫ്) പിന്നോക്ക സമുദായ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ വാർഡന്മാരെ അല്ലാതെയും നിയമിക്കാത്തകോളനികൾ ഉണ്ടോ?

ബഹു. മന്ത്രി ശ്രീ. കെ. അയ്യപ്പൻ:

(എ) മുതൽ (ഇ) വരെ—വിശദവിവരങ്ങൾ അടങ്ങിയിട്ടുള്ള സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.
(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly